# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**2020 ജൂൺ 05 വൈകുന്നേരം 3.30 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി, ശ്രീമതി കെ.കെ.ശൈലജ ടീച്ചർ

ബഹുമാനപ്പെട്ട ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി ശ്രീമതി കെ കെ ശൈലജ ടീച്ചർ ഇന്ന് കേരളത്തിൽ 111 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതായി യോഗത്തെ അറിയിച്ചു. പാലക്കാട് ജില്ലയിൽ നിന്നും 40, മലപ്പുറം ജില്ലയിൽ നിന്നും 18, പത്തനംതിട്ട ജില്ലയിൽ നിന്നും 11, എറണാകുളം ജില്ലയിൽ 10, തൃശ്ശൂർ ജില്ലയിൽ 8, തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ നിന്നും 5 വീതവും, കോഴിക്കോട് ജില്ലയിൽ 4, ഇടുക്കി, വയനാട് ജില്ലകളിൽ നിന്നും 3 വീതവും, കൊല്ലം ജില്ലയിൽ നിന്നും 3, കോട്ടയം, കാസർഗോഡ് ജില്ലകളിൽ നിന്നും 1 വീതവും ആണ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടത്. ഇതിൽ വിദേശത്തു നിന്ന് 50 പേരും, മറ്റു സംസ്ഥാനങ്ങളിൽ നിന്ന് 48 പേരും, സമ്പർക്കം മൂലം 13 പേർക്കും ആണ് രോഗബാധ സ്ഥിരീകരിച്ചത്.

അതിനുശേഷം ആരോഗ്യവകുപ്പിന്റെ രോഗനിയന്ത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ രാജൻ ഖോബ്രഗഡെ വിശദീകരിക്കുകയുണ്ടായി

## ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഡോ. രാജൻ ഖോബ്രഗാഡെ ഐഎഎസ്

ഇന്ന് കേരളത്തിൽ 111 പേർക്ക് രോഗം സ്ഥിരീകരിച്ചു. ഇതുവരെ 576 പേർക്കാണ് കേരളത്തിൽ കൊവിഡ്19 രോഗം സ്ഥിരീകരിച്ചിട്ടുള്ളത്. ലോകം മുഴുവനും 6416828 പേർക്കാണ് ഇതുവരെ രോഗം സ്ഥിരീകരിച്ചിട്ടുള്ളത്. ഇന്ത്യയിൽ 220422 പേർക്കാണ് രോഗം സ്ഥിരീകരിച്ചത്. കേരളത്തിൽ നിലവിൽ 1699 രോഗികളാണ് രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ളത്. 14 പേർ ഇതുവരെ മരണപ്പെട്ടു. 712 പേർ ഇതുവരെ രോഗവിമുക്തി നേടിയിട്ടുണ്ട്. അതിനുശേഷം അദ്ദേഹം കോവിഡ് 19 രോഗികളുടെ ഇപ്പോഴത്തെ അവസ്ഥയെപ്പറ്റിയും 16 പേർ ഐസിയുവിൽ ആണ് എന്നുള്ള കാര്യവും യോഗത്തെ അറിയിച്ചു. പോസിറ്റീവ് കേസുകളെപ്പറ്റി വിശദമായ ഒരു അവലോകനം അദ്ദേഹം നടത്തുകയുണ്ടായി. ചെക്ക്പോസ്റ്റുകളിൽ കൂടിയും കപ്പലിലൂടെയും, വിമാനങ്ങളിലൂടെയും കേരളത്തിലെത്തിയവരുടെ കണക്കും അതിൽ വീടുകളിലും ഇൻസ്റ്റിറ്റ്യൂഷനുകളിലും നിരീക്ഷണത്തിലുള്ളവരുടെയും അതിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികളുടെയും ഗർഭിണികളുടെയും കണക്കും അദ്ദേഹം വിശദീകരിച്ചു. രോഗം ബാധിച്ച ആരോഗ്യ പ്രവർത്തകരുടെ വിവരം അറിയിച്ചു. 24 മണിക്കൂറിൽ 3597 സാമ്പിളുകൾ പരിശോധിച്ചതിൽ 109 പേരുടെ ഫലം പോസിറ്റീവ് ആയി. പി സി ആർ കിറ്റുകൾ 83927, ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റ് 156062, ഡാക്രോൺ സ്വാബ് 106667 സ്റ്റോക്ക് ഉണ്ട്. 10000 ആന്റിബോഡി ടെസ്റ്റ് കിറ്റുകൾ ലഭ്യമായിട്ടുണ്ട്. ഈ മാസം 8 ന്

ആന്റിബോഡി ടെസ്റ്റിംഗ് ആരംഭിക്കും. അടുത്ത 3 ദിവസത്തിനുള്ളിൽ 40000 കിറ്റുകൾ കൂടി ലഭ്യമാകും.

**<u>ചീഫ് സെക്രട്ടറി, ഡോ. വിശ്വാസ് മേത്ത ഐ എ എസ്</u>**

ഇന്ന് രാവിലെ നടന്ന ക്രയിസിസ് മാനേജ്മന്റ് ഗ്രൂപ്പ് മീറ്റിംഗിൽ ഐ സി എം ആർ ന്റെ അനുമതി ലഭിച്ച എച്ച്എൽഎൽ പതിനായിരം ആന്റിബോഡി കിറ്റുകൾ ലഭ്യമായി എന്ന് സെക്രട്ടറി അറിയിച്ചു. എട്ടാം തീയതി മുതൽ പരിശോധന ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഇത് സർവൈലൻസ് മാത്രമായിരിക്കും ഉപയോഗിക്കുക. ചില സ്ഥലങ്ങളിൽ നിന്നും തിരിച്ചെത്തിയവരിൽ വളരെയധികം കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നാൽ ഇവരെ എല്ലാവരെയും ഇതുവരെ പരിശോധിച്ചിട്ടില്ല. തുടർന്ന് ഇവരിൽ നിന്നും കൂടുതൽ പരിശോധനകൾ ചെയ്യുന്നതാണ്. ഇനി വരുന്ന ദിവസങ്ങളിൽ മുന്നൂറോളം ചാർട്ടേർഡ് വിമാനങ്ങൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. അമ്പതിനായിരത്തിനും ഒരു ലക്ഷത്തിനും ഇടയിൽ ആളുകൾ എത്തും. എന്നാൽ ഇതുവരെ ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ട യുഎ ഇ, കുവൈത്ത്, സൗദി, ഖത്തർ എന്നിവിടങ്ങളിൽ നിന്ന് എത്തുന്ന ദുർബല വിഭാഗങ്ങളിലെ ആൾക്കാർക്ക് ആന്റിബോഡി പരിശോധന നടത്തവുന്നതാണ്. കേസുകൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ പി സി ആർ ടെസ്റ്റ് കിറ്റുകൾ കൂടുതൽ ലഭ്യമായില്ലെങ്കിൽ അത് തീർന്നു പോകാനിടയുണ്ട്, ഇത് ശ്രദ്ധിക്കേണ്ടതാണ്. ഹോട്ട്സ്പോട്ടുകളിൽ കളർ കോഡിങ് വഴി മാപ്പുകൾ എസ് ഡി എം എ ഉണ്ടാക്കിയിട്ടുണ്ട്. ഈ കളർ കോഡുകൾ വഴി എന്താണ് സൂചിപ്പിക്കുന്നത് എന്ന് വ്യക്തമാക്കുന്നതാണ്.

ശ്രീ ടി കെ ജോസ് അഡീ.ചീഫ് സെക്രട്ടറി (ആഭ്യന്തരം) യെ കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങളുടെ ചുമതല നൽകി. അവലോകനയോഗത്തിൽ മുന്നേ ഹെൽത്ത് സെക്രട്ടറി ചീഫ് സെക്രട്ടറി ആഭ്യന്തര വകുപ്പ് സെക്രട്ടറിയും തമ്മിൽ യോഗം ചേരുന്നതാണ്. ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാം തന്നെ വകുപ്പ് സെക്രട്ടറി കൂടി കണ്ടതിനു ശേഷം മാത്രം പുറത്തിറക്കിയാൽ മതിയാകും. ഇന്ന് രാവിലെ ഉള്ള അവലോകനയോഗത്തിൽ മാത്തമാറ്റിക്കൽ മോഡലും ഡിസ്കഷനും ഉണ്ടായിരുന്നു. കേന്ദ്ര ആരോഗ്യ മന്ത്രാലയം പുറത്തിറക്കിയ ആരോഗ്യ മാർഗ്ഗ നിർദ്ദേശങ്ങൾ നമുക്ക് സ്വീകരിക്കാവുന്നതാണ്. അതിൽ ചില തിരുത്തലുകൾ വരുത്തിയാൽ മതിയാകും.

**<u>വിദഗ്ദ്ധ സമിതി ചെയർപേഴ്സൺ, ഡോ. ബി. ഇക്ബാൽ</u>**

ഇളവുകൾ പ്രഖ്യാപിച്ച് ലോക്ക് ഡൗൺ തുറന്ന് സാധാരണ ജീവിതത്തിലേക്ക് മടങ്ങാനുള്ള തത്രപ്പാടിൽ ശക്തനായ ഒരു വൈറസ്സിനോടാണ് നമ്മുടെ യുദ്ധമെന്ന് വീണ്ടും വീണ്ടും ഓർമ്മിപ്പിക്കേണ്ടി വരുന്നു. സമൂഹ അകലം പാലിക്കാതെ ആളുകൾ കൂട്ടം കൂടുന്ന അവസ്ഥയിലാണ് രോഗ വ്യാപനം ക്രമാതീതമായി വർദ്ധിക്കുന്നത് എന്ന കാര്യം ലോകത്ത് എല്ലായിടത്തും അനുഭവമാണ്. ജീവിതാവശ്യങ്ങൾക്കായി ഇളവുകൾ നല്കി പുറത്തിറങ്ങിയവർ സമൂഹ അകലം പാലിക്കാതെ, ശരിയായി മാസ്ക് ധരിക്കാതെ പെരുമാറുന്നത് നാം എല്ലായിടത്തും കാണുന്നുണ്ട്. ഇതെല്ലാം കാണുമ്പോൾ നമ്മുടെ സഹോദരർ ഇതിനൊന്നും സജ്ജരായിട്ടില്ല എന്നാണ് മനസ്സിലാക്കേണ്ടത്.

കഴിഞ്ഞ ആഴ്ചകളിൽ പുറം രാജ്യങ്ങളിൽ നിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നും വന്ന നമ്മുടെ സഹോദരങ്ങളിൽ ഭൂരിഭാഗം പേർക്കും അസുഖം ഉണ്ടാവുന്ന അവസ്ഥയുണ്ട്. അവരിൽ ചിലരെങ്കിലും ക്വാറന്റൈൻ ലംഘിക്കുന്നതായും നാം മനസ്സിലാക്കുന്നു. അതുകൊണ്ട് തന്നെ സമൂഹവ്യാപന സാധ്യത കൂടിവരികയും ചെയ്യുന്നു. രോഗം കിട്ടിയത് എവിടെ നിന്നാണ് എന്ന് സ്ഥിരീകരിക്കാൻ സാധിക്കാത്തവരുടെ എണ്ണവും കൂടുകയാണ്. ഇതിൽ നിന്നും സമൂഹവ്യാപനം നടക്കുന്നു എന്നുതന്നെ വേണം കരുതാൻ.

ഈ ഒരു ഘട്ടത്തിൽ ആരാധനാലയങ്ങളും മാളുകളും തുറക്കുമ്പോൾ രോഗ വ്യാപനം നിയന്ത്രണാതീതമായി തീരും എന്ന ആശങ്ക മുന്നറിയിപ്പായി ഞങ്ങൾ നൽകുകയാണ്. രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കാനുള്ള സാഹചര്യം ഉണ്ടാക്കരുതെന്നും ഓർമ്മിപ്പിക്കുന്നു. അത്തരമൊരു സാഹചര്യം വന്നാൽ നമ്മുടെ ആരോഗ്യ സംവിധാനം അതീവ സമ്മർദ്ദത്തിൽ ആവുകയും നിയന്ത്രണം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാവുകയും ചെയ്യും. മറ്റു രാജ്യങ്ങളിലും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലും ഉണ്ടായത് പോലെ ആശുപത്രികൾ രോഗികളെ കൊണ്ട് നിറഞ്ഞ് ആരോഗ്യ പ്രവർത്തകരും ഭരണ സംവിധാനങ്ങളും പകച്ചു നിൽക്കേണ്ട അവസ്ഥ ഉണ്ടാവാൻ അനുവദിക്കരുത്.

ആരാധനാലയങ്ങളും മാളുകളും അതുപോലെ ആളുകൾ കൂട്ടംകൂടാൻ സാധ്യതയുള്ള സ്ഥലങ്ങളും ഇപ്പോൾ തുറക്കരുതെന്ന് തന്നെയാണ് ഐ.എം.എ.യുടെ സുചിന്തിതമായ അഭിപ്രായം.

## വ്യവസായ വകുപ്പ് സെക്രട്ടറി ഡേ. കെ ഇളങ്കോവൻ ഐ എ എസ്

പ്രവാസികൾ വിമാനങ്ങളിൽ കൂടി മേയ് 7 മുതൽ ജൂൺ 5 വരെ എത്തിയത് ഏകദേശം പതിനായിരത്തോളം പേരാണ്. ഇനിയുള്ള ഒരുമാസം ഇതിന്റെ നാലിരട്ടി പേർ വരുന്നുണ്ടാകും 407 ചാർട്ടേഡ് വിമാനങ്ങൾ ആണ് അനുമതിക്ക് അപേക്ഷിച്ചിട്ടുണ്ട് ഇതിൽ 300 എണ്ണം സ്പൈസ് ജെറ്റ് ആണ്. ഏതാണ്ട് ഒരു ലക്ഷം മുതൽ ഒന്നേകാൽ ലക്ഷത്തോളം ആൾക്കാർ ഇതുവഴി കേരളത്തിലേക്ക് തിരിച്ചെത്തും. ഇതിൽ 64 ശതമാനത്തോളം ആൾക്കാർ ഏഴ് ജില്ലകളിൽ നിന്നുള്ളവരാണ്. തിരുവനന്തപുരം കൊല്ലം തൃശ്ശൂർ എറണാകുളം മലപ്പുറം കോഴിക്കോട് കണ്ണൂർ ജില്ലകൾ ആണിവ. അതിനാൽ ഈ ജില്ലകളിൽ ക്വാറന്റൈൻ കൂടുതൽ ശക്തമാകേണ്ടതുണ്ട്. 2% ഇൻഫെക്ഷൻ റേറ്റ് ആണ് ഇതുവരെ പ്രകടം ആയിട്ടുള്ളത് ആയതിനാൽ ഇത്രയും ആൾക്കാർ തിരിച്ചെത്തുമ്പോൾ നാം കൂടുതൽ കരുതിയിരിക്കേണ്ടത് അത്യാവശ്യമാണ്. വിമാനത്താവളങ്ങളിലും നിയന്ത്രണങ്ങൾ സ്ക്രീനിങ് എന്നിവ ശകതമാകേണ്ടതുണ്ട്. പരിശോധനകൾ എയർപോർട്ടുകളിൽ ചെയ്യാൻ പറ്റുമോ എന്ന് നോക്കേണ്ടതാണ്. തിരിച്ചെത്തുന്ന അവരിൽ 64 ശതമാനത്തോളം പേർ സ്ത്രീകളും പ്രായമായവരും കുട്ടികളും ഉൾപ്പെടുന്ന ദുർബല വിഭാഗമാണ് ഇവരെയും പരിശോധിക്കുന്നത് കാര്യം ആലോചിക്കേണ്ടി വരും. ചാർട്ടേഡ് ഫ്ളൈറ്റ് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് ട്രാവൽ ഏജൻസിമാർക്ക് നിബന്ധനകൾ വയ്ക്കാമോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

## ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് സെക്രട്ടറി, ശ്രീ. വേണുഗാപാൽ ഐ എ എസ്

ധാന്യങ്ങളുടെയും മറ്റു ഭക്ഷ്യവസ്തുക്കളുടെയും വരവും ശേഖരവും സാധാരണനിലയിൽ ആണുള്ളത് എന്ന് അദ്ദേഹം യോഗത്തെ അറിയിച്ചു

## സഹകരണ വകുപ്പ് സെക്രട്ടറി, ശ്രീമതി. മിനി ആന്റണി ഐ എ എസ്

ക്ഷേമപദ്ധതി 1000 രൂപ നിരക്കിൽ മറ്റൊരുതരത്തിലുള്ള പെൻഷനും ലഭിക്കാത്ത അവർക്കായി 14 77,136 പേർക്ക് വിതരണം ചെയ്യേണ്ടത്. 11.12 ലക്ഷം പേർക്ക് ഇതുവരെ വിതരണം ചെയ്തുകഴിഞ്ഞു. മുഖ്യമന്ത്രിയുടെ സഹായഹസ്തം പദ്ധതിയിൽ 9167 അപേക്ഷ കിട്ടിയത് പരിഗണിക്കുകയും ഫംഗ്ഷൻ ചെയ്യുകയും ഇതുവഴി 69 കോടി 20 ലക്ഷം രൂപ നൽകേണ്ടതാണ് സുഭിക്ഷ കേരളം പദ്ധതിയിൽ ഫിഷറീസ് കൃഷി എംഎസ്എംഇ എന്നിവയുമായി ബന്ധപ്പെട്ട് 1481 കോടി അനുവദിച്ചു തന്നു ഇതിൽ 971 കോടി ട്രാൻസ്ഫർ വഴി നൽകിവരുന്നു പതിനഞ്ചാം തീയതിക്ക് മുൻപ് നൽകി തീർക്കുന്നതാണ്

## സംസ്ഥാന പോലീസ് മേധാവി, ശ്രീ. ലോക്നാഥ് ബഹ്റ ഐ പി എസ്

കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ പൊതുവായുള്ളത് ആണ് ഇതിൽ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് കൂടി അനുസരിച്ച് തിരുത്തലുകൾ വരുത്തേണ്ടതുണ്ട് മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സ് എട്ടാം തീയതി ഇത് പുറത്തിറക്കിയാൽ കുഴപ്പമില്ല അല്ലെങ്കിൽ നമുക്ക് ഇതിനെക്കുറിച്ച് മാറ്റങ്ങൾ വരുത്തേണ്ടി വരും.

## അന്തർ സംസ്ഥാന യാത്ര നോഡൽ ഓഫീസർ,
## ശ്രീ. ബിശ്വനാഥ് സിൻഹ ഐ എ എസ്

122 ട്രെയിനുകളിൽ ആയി ഒരു ലക്ഷത്തി മുപ്പത്തി അയ്യായിരത്തോളം അഥിതി തൊഴിലാളികളാണ് അവരവരുടെ സംസ്ഥാനങ്ങളിലേക്ക് തിരിച്ചു പോയിട്ടുള്ളത്. അസം, വെസ്റ്റ് ബംഗാൾ, ഒറിസ എന്നീ സംസ്ഥാനങ്ങളിൽ ഉള്ളവരാണ്. ഇനി കേരളത്തിൽ നിന്നും തിരിച്ചു പോകാനായി ഉള്ളത് പശ്ചിമബംഗാളിലേക്ക് രണ്ട് ട്രെയിനുകൾ ദിനംപ്രതി ഒരാഴ്ചത്തേക്ക് പോകുന്നതാണ്. ഇനിയുള്ള ദിവസങ്ങളിൽ 70,000 ത്തോളം പേർ കൂടെ തിരിച്ച് അവരവരുടെ സംസ്ഥാനങ്ങളിലേക്ക് പോകുന്നതാണ്. കണ്ടെയ്ൻമെന്റ് സോണുകളിൽ ഉള്ളവർ തിരിച്ചു പോകാൻ ആവശ്യപ്പെടുമ്പോൾ എന്ത് തീരുമാനം എടുക്കണം എന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. രോഗം സ്വീകരിക്കുന്നവരുടെ നിരക്കിൽ ഇനിയും വർദ്ധനവ് പ്രതീക്ഷിക്കാം എന്ന് ആണ് വിദഗ്ധസമിതി അറിയിച്ചിട്ടുള്ളത്. തിരിച്ചെത്തുന്നവരിൽ രോഗം സ്ഥിരീകരിക്കുന്ന നിരക്ക് കൂടുതലാണെങ്കിലും അവരോട് വരേണ്ടതില്ല എന്ന നിലപാട് സ്വീകരിക്കാൻ സംസ്ഥാനത്തിന് ആകില്ല. രോഗം സ്ഥിരീകരിച്ചാൽ അവർക്ക് ആവശ്യമായ ചികിത്സ നൽകേണ്ടതുണ്ട്. ചികിത്സാ സംവിധാനം

ഒരുക്കിയത് പോര എന്ന് ആരോഗ്യവിദഗ്ധ സമിതി പറയുന്നത് കണക്കിലെടുക്കണം **(ചുമതല - ആരോഗ്യ, പൊതുഭരണ വകുപ്പ്)**

2. ആശുപത്രികളിൽ കൂടുതൽ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ടോ എന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്. രോഗം വർദ്ധിക്കുണ്ടെങ്കിലും സമൂഹത്തിന് ഇതിനനുസരിച്ച് ആവശ്യമായ ബോധ്യം ഉണ്ടോ എന്ന് സംശയമാണ്. അനാവശ്യ ഇടപെടലുകൾ കാരണമാണിത് സംഭവിച്ചിട്ടുള്ളത്. ആയതിനാൽ പൊതു ജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗുരുതര രോഗം ഉള്ളവരെ ചികിത്സിക്കേണ്ട പ്രോട്ടോകോൾ മോഡിഫൈ ചെയ്യുന്നത് സംബന്ധിച്ച് ആരോഗ്യവകുപ്പ് പരിശോധിച്ച് തീരുമാനം എടുക്കേണ്ടതാണ് **(ചുമതല - ആരോഗ്യ വകുപ്പ്, പി ആർ ഡി)**
3. യുഎ ഇ, സൗദി, കുവൈറ്റ്, ഖത്തർ എന്നിവിടങ്ങളിൽ നിന്നെത്തിയവർക്കാണ് കൂടുതൽ രോഗബാധ സ്ഥിരീകരിച്ചത്. അതിനാൽ എത്രയും പെട്ടെന്ന് തന്നെ ഇവരെ പരിശോധിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിമാനത്താവളങ്ങളിൽ ആവശ്യമായ സൗകര്യം ഒരുക്കിയിട്ടുണ്ടോ എന്ന് ശ്രദ്ധിക്കേണ്ടതാണ്. **(ചുമതല - ഗതാഗത വകുപ്പ്, ജില്ലാ കളക്ടർ)**
4. റെയിൽവേ സ്റ്റേഷനുകളിൽ ആൾക്കാർ എത്തുമ്പോൾ അവർക്ക് യാത്ര ചെയ്യാനായി ബസ്സുകളുടെ കുറവുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബസ്സുകൾ കൂടുതൽ ആവശ്യമാണെങ്കിൽ അത് ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് അനുസരിച്ച് എടുത്ത് ഉപയോഗിക്കേണ്ടതാണ്. **(ചുമതല - ഗതാഗത വകുപ്പ്, ജില്ലാ കളക്ടർമാർ)**
5. പ്രത്യേക പോലീസ് ഉദ്യോഗസ്ഥർക്ക് റെയിൽവേ സ്റ്റേഷനുകളുടെ ചുമതല നൽകേണ്ടതാണ്. റെയിൽവേ സ്റ്റേഷനുകളിൽ വന്നെത്തുന്നവരെ സ്വതന്ത്രമായി പോകാൻ അനുവദിക്കാൻ പാടില്ല. **(ചുമതല - ആഭ്യന്തര വകുപ്പ്)**
6. ആന്റിബോഡി ടെസ്റ്റ് സൗകര്യം ഏർപ്പെടുത്തിയത് വളരെ നല്ല കാര്യമാണ്. ഇതിൽ പോസിറ്റീവ് ഉണ്ടെങ്കിൽ മാത്രം പിസിആർ പരിശോധന നടത്തിയാൽ മതിയാകും. ഒരുകാരണവശാലും പരിശോധനയുടെ നിരക്ക് കുറഞ്ഞു കൂടാ. ഇതോടൊപ്പം തന്നെ മറ്റു രോഗങ്ങൾ ഉള്ളവർക്ക് ആവശ്യമായ സൗകര്യങ്ങളും സംവിധാനങ്ങളും ഒരുക്കുന്നതും ശ്രദ്ധിക്കേണ്ടതാണ്. സ്വകാര്യമേഖലയെകൂടി പങ്കാളികളാക്കി അവരുമായി ചർച്ച ചെയ്ത് ഈ സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നതാണ്. അതോടൊപ്പം തന്നെ ടെലിമെഡിസിൻ സൗകര്യം വർദ്ധിപ്പിക്കേണ്ടതുണ്ട്. **(ചുമതല - ആരോഗ്യ വകുപ്പ്)**
7. കണ്ടെയ്ന്മെന്റ് സോണുകളിൽ അകപ്പെട്ടതിനാൽ ജോലിക്ക് വന്നെത്താൻ സാധിക്കാത്തവർക്ക് അവരുടെ പ്രദേശങ്ങളിൽ കോവിഡ് വിരുദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതാണ്. അവർ ഇതിൽ ഏർപ്പെടുന്നതിനുള്ള വിവരം രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതും അതത് ജില്ലകളിൽ നിന്നും ഈ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സർക്കാർ ജീവനക്കാർ റിപ്പോർട്ടുകൾ വകുപ്പ് തലവൻമാർക്ക് അയക്കേണ്ടതും അവർ അത് സ്വീകരിച്ച് അവരുടേതായിട്ടുള്ള റിപ്പോർട്ട് ഉന്നതാധികാരികൾക്ക് നൽകേണ്ടതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ, ജില്ലാ കളക്ടർമാർ)**

8. ചില കേന്ദ്രങ്ങളിൽ ഇതര സംസ്ഥാന അതിഥി തൊഴിലാളികൾക്ക് രോഗം വരുന്നത് ഗൗരവമായി എടുക്കേണ്ടതാണ്. ഇവരെ കൃത്യമായി പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്. മാത്രമല്ല, ഇവരെ താമസസ്ഥലങ്ങളിൽ നിന്നും ജോലി സ്ഥലങ്ങളിലേക്ക് കോൺട്രാക്ടർമാർ കൊണ്ടുപോകുമ്പോൾ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ എടുക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്. **(ചുമതല - റവന്യൂ, ആരോഗ്യ, തൊഴിൽ, തദ്ദേശസ്വയംഭരണ വകുപ്പ്)**
9. വിദേശങ്ങളിൽ നിന്നോ മറ്റു സംസ്ഥാനങ്ങളിൽ നിന്നോ തിരിച്ചെത്തുന്നവർ കണ്ടെയിൻമെന്റ് സോണിലേയ്ക്കാണ് പോകേണ്ടതെങ്കിൽ എന്ത് ചെയ്യണം എന്നത് പരിശോധിച്ച് തീരുമാനം എടുക്കേണ്ടതാണ്. **(ചുമതല - പൊതുഭരണ, ആരോഗ്യ വകുപ്പ് ,എസ് ഡി എം എ)**
10. തലശ്ശേരി മീൻ മാർക്കറ്റ് രോഗത്തിന്റെ പ്രഭവകേന്ദ്രം ആണെന്ന രീതിയിൽ റിപ്പോർട്ടുകളുണ്ട്. ഇതിനായി കൃത്യമായ പരിശോധന നടത്തേണ്ടത് അത്യാവശ്യമാണ്. മാർക്കറ്റ് തുറന്നു പ്രവർത്തിക്കണോ വേണ്ടയോ എന്നും നാം പരിശോധിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ, തദ്ദേശസ്വയംഭരണ വകുപ്പ, ജില്ലാ കളക്ടർ കണ്ണൂർ)**
11. രോഗം സ്ഥിരീകരിച്ചവരിൽ ചിലർ ക്രിമിനൽ സ്വഭാവം ഉള്ളവരായി തെളിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഉറവിടം കണ്ടെത്താൻ ആവാത്ത നാല് കേസുകളിൽ മൂന്ന് പേർ ക്രിമിനൽ പശ്ചാത്തലം ഉള്ളവരായിരുന്നു. ഇവരെ പ്രത്യേകമായി കണക്കിലെടുത്ത് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. **(ചുമതല - ആഭ്യന്തര വകുപ്പ്)**
12. മരണത്തിനുശേഷം ചിലരിൽ രോഗം സ്ഥിരീകരിച്ചത് ആരോഗ്യവകുപ്പ് പരിശോധിച്ച് കാര്യങ്ങൾ തീരുമാനം എടുക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
13. അതിഥി തൊഴിലാളികളുടെ കാര്യത്തിൽ നാം ഇപ്പോൾ തുടരുന്ന നിലപാട് തുടർന്നു സ്വീകരിക്കാവുന്നതാണ്. **(ചുമതല - തൊഴിൽ വകുപ്പ്)**
14. നിർമാണ സാധനങ്ങളുടെ വില വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ഈ കാര്യത്തിൽ ഉചിതമായ ഇടപെടൽ അത്യാവശ്യമാണ്. **(ചുമതല - വ്യവസായ തദ്ദേശസ്വയംഭരണ വകുപ്പ്)**
15. എയർപോർട്ടുകളിൽ നിന്നും ബസ്സുകൾ പുറപ്പെടാൻ വൈകുന്നു എന്ന പരാതിയുണ്ട്. ഇത് പരിഹരിക്കാനായി ബസ്സുകളുടെ സമയം കൃത്യമായി ക്രമീകരിക്കേണ്ടതാണ്. **(ചുമതല - ഗതാഗത വകുപ്പ്, ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ)**
16. കൊല്ലം ശക്തികുളങ്ങരയിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ട ഒരാൾക്ക് രോഗം സ്ഥിരീകരിച്ചതായി റിപ്പോർട്ടുണ്ട്. ഇത് ഗൗരവമായി പരിശോധിക്കണം. അദ്ദേഹവുമായി സമ്പർക്കം പുലർത്തിയവരെയും രോഗം വരാനുണ്ടായ സാഹചര്യത്തെപ്പറ്റിയും കൃത്യമായി പരിശോധിക്കേണ്ടതാണ്. **(ചുമതല - ഫിഷറീസ്, ആരോഗ്യ, തദ്ദേശസ്വയംഭരണ വകുപ്പ്)**
17. കേന്ദ്ര ആരോഗ്യ മന്ത്രാലയം ഇന്നലെ പുറത്തിറക്കിയ ആരോഗ്യ മാർഗ്ഗ നിർദ്ദേശങ്ങളും, ആരാധനാലയങ്ങളെ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളും പൊതുവേ സ്വീകരിക്കാവുന്നതാണ്. എന്നാൽ ആരാധനാലയങ്ങളിൽ അന്നദാനം അനുവദിക്കുന്നതല്ല. **(ചുമതല - പൊതുഭരണ, ദേവസ്വം വകുപ്പ്)**
18. നാദാപുരത്ത് സംഭവിച്ച പ്രശ്നവും ഗൗരവമേറിയതാണ് അതും പരിശോധിക്കേണ്ടതാണ്. **(ചുമതല - ജില്ലാ കളക്ടർ, കോഴിക്കോട്)**

19. ആരാധനാലയങ്ങളിൽ ഭക്ഷണസാധനങ്ങൾ നൽകുന്നതും കരസ്പർശം ഉണ്ടാകുന്നതും മറ്റും ഒഴിവാക്കേണ്ടതാണ്. **(ചുമതല – പൊതുഭരണ വകുപ്പ്, ദേവ സ്വം വകുപ്പ്)**
20. ഒരു സമയം ആരാധനാലയങ്ങളിൽ എത്രപേർ വരാമെന്ന് സംബന്ധിച്ച് കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്. ഇപ്പോൾ 100 ചതുരശ്രമീറ്റർ സ്ഥലത്ത് 15 പേർ എന്ന രീതിയിലാണ് കണക്ക് പറഞ്ഞിട്ടുള്ളത് എങ്കിലും പരമാവധി 50 പേർ എന്ന രീതിയിൽ നമുക്ക് പറയാവുന്നതാണ്. ആരാധനാലയങ്ങളിൽ വരുന്ന വ്യക്തികളുടെ പേര്, ഫോൺ നമ്പർ, അവർ എത്തിയ സമയം എന്നിവ രേഖപ്പെടുത്തുന്ന സമ്പ്രദായം ഉണ്ടാകേണ്ടതാണ്. ഇതൊരു രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. **(ചുമതല – പൊതുഭരണ വകുപ്പ്, ദേവ സ്വം വകുപ്പ്)**
21. ലിഫ്റ്റുകളിൽ എല്ലാ സമയവും ഓപ്പറേറ്റർമാർ ഉണ്ടാകുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സാധാരണ ജനങ്ങൾ റാമ്പുകളിലും റെയിലകളിലും പിടിച്ച് നടക്കാൻ പാടില്ല എന്ന് നമുക്ക് പറയാം. എന്നാൽ ഭിന്നശേഷിക്കാർ കൈയുറകൾ ധരിക്കേണ്ടതാണ്. **(ചുമതല – പൊതുഭരണ വകുപ്പ്)**
22. എല്ലാ പരാതികളും നമുക്ക് ഓൺലൈൻ ആയി മാത്രമേ സ്വീകരിക്കാവൂ എന്ന രീതി നടപ്പിലാക്കാം. എന്നാൽ എല്ലാത്തിനും കൃത്യമായ മറുപടി നൽകേണ്ടതാണ. **(ചുമതല – ഐ ടി, പൊതുഭരണ വകുപ്പ്)**
23. മാളുകളിലെ പ്രവർത്തന സമയവും, ഒരു സമയം എത്ര പേർ പങ്കെടുക്കും എന്നതും നിശ്ചയിച്ച് പൊതുജനങ്ങളെ അറിയിക്കേണ്ടതാണ്. ഹോട്ടലുകൾ റസ്റ്റോറന്റുകൾ, ജ്യൂസ് കടകൾ എന്നീ സ്ഥലങ്ങളിൽ പാത്രങ്ങൾ ചൂടുവെള്ളത്തിൽ കഴുകി ഉപയോഗിക്കേണ്ടതാണ്. **(ചുമതല – പൊതുഭരണ വകു പ്പ്)**
24. ശബരിമല ദർശനത്തിനായി വെർച്ച്വൽ ക്യൂ വഴി മാത്രം അനുമതി നൽകുന്നതാണ്. ഒരേ സമയം 50 പേർ മാത്രമേ പ്രവേശിക്കാൻ പാടുള്ളൂ. മാത്രമല്ല എല്ലാവരും മാസ്ക് ധരിക്കുകയും വേണം. നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ തെർമൽ സ്കാനറും സാനിറ്റൈസറുകളും നിർബന്ധമായും സ്ഥാപിക്കേണ്ടാതാണ്. പത്തുവയസ്സിൽ താഴെയുള്ളവരെയും 65 വയസ്സിനു മുകളിലുള്ളവരെയും ശബരിമല സന്ദർശിക്കാൻ ഇപ്പോൾ അനുമതി നൽകേണ്ടതില്ല. നെയ്യഭിഷേകം നടത്താൻ നമുക്ക് അനുമതി നൽകാം. എന്നാൽ അവിടെനിന്ന് നെയ്യ് സ്വീകരിക്കുന്ന രീതി അനുവദിക്കുന്നതല്ല. ദേവസ്വം ജീവനക്കാരും നിർബന്ധമായും മാസ്ക്, കൈയ്യുറ ധരിക്കേണ്ടതാണ്. **(ചുമതല – പൊതുഭരണ വകുപ്പ്, ദേവസ്വം വകുപ്പ്)**

യോഗം 5.10 ന് അവസാനിച്ചു.

Rajan 6.6.2020

**അനുബന്ധം 1**

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ചീഫ് സെക്രട്ടറി
3. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
4. സ്റ്റേറ്റ് പോലീസ് ചീഫ്
5. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
6. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
7. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
8. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
9. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
11. ഡയറക്ടർ ജനറൽ ഫയർ ആന്റ് റസ്ക്യൂ
12. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
13. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
14. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം വകുപ്പ്
15. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
16. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
17. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
18. സെക്രട്ടറി, ധനകാര്യം
19. സെക്രട്ടറി, ഊർജ്ജ വകുപ്പ്
20. സെക്രട്ടറി, ടൂറിസം വകുപ്പ്
21. സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്
22. സെക്രട്ടറി, വ്യവസായ വകുപ്പ്
23. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
24. മുഖ്യമന്ത്രിയുടെ സെക്രട്ടറി
25. ചെയർ പേഴ്സൺ, എക്സ്പെർട്ട് കമ്മിറ്റി
26. ഡി ജി ഇ, തിരുവനന്തപുരം
27. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
28. മറ്റുള്ളവർ